**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 203** **07-07-2022 - ൽ മറുപടിയ്ക്ക്**

**ഇടുക്കിയിൽ രണ്ടാമത്തെ ജലവൈദ്യുത നിലയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കിയിൽ രണ്ടാമത്തെ ജലവൈദ്യുത നിലയം സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; പ്രസ്തുത പദ്ധതിക്ക് പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇടുക്കി രണ്ടാമത്തെ ജല വൈദ്യുത നിലയം (ഇടുക്കി ഗോൾഡൻ ജൂബിലി എക്സ്റ്റൻഷൻ സ്കീം) സ്ഥാപിക്കുന്നതിനുള്ള വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ പുരോഗ മിക്കുന്നു. പ്രസ്തുത പ്രവർത്തികൾ കേന്ദ്ര ജല കമ്മീഷന് കീഴിലുള്ള വാപ്കോസ് ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനം മുഖേന യാണ് പുരോഗമിക്കുന്നത്. കേന്ദ്ര വന-പരിസ്ഥിതി മന്ത്രാലയത്തിന്റെ വിദഗ്ധ സമിതിയുടെ 31.05.2022-ൽ കൂടിയ യോഗത്തിൽ പദ്ധതിക്ക് ഒന്നാം ഘട്ട പാരിസ്ഥിക അനുമതി നിബന്ധനകളോട് കൂടി നല്കാൻ കേന്ദ്ര പരിസ്ഥിതി മന്ത്രാല യത്തോട് ശുപാർശ ചെയ്തു. |
| (ബി) | പദ്ധതി ആരംഭിക്കുന്നതിനായി ഇനി ഏതെല്ലാം ഏജൻസികളുടെ അംഗീകാരം ആവശ്യമാണെന്ന് അറിയിക്കാമോ; അവ എന്നത്തേക്ക് ലഭ്യമാകുമെന്നാണ് കണക്കാക്കുന്നത്; ആയതിന് വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (ബി) | പദ്ധതി ആരംഭിക്കാൻ കേന്ദ്ര ഇലക്ട്രിസിറ്റി ആതോറിറ്റിയുടെയും (CEA), കേന്ദ്ര ജല കമ്മീഷന്റെയും (CWC) 24 ക്ലിയറൻസും കൂടാതെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാ ലയത്തിന്റെ 4 ക്ലിയറൻസും ലഭിക്കേണ്ട തായുണ്ട്. കേന്ദ്ര വൈദ്യുതി അതോറി റ്റിയുടെയും കേന്ദ്ര ജല കമ്മീഷന്റെയും അനുമതി ലഭ്യമാക്കുന്നതിന് മുന്നോടിയായി പദ്ധതിയുടെ ഫീസിബിലിറ്റി റിപ്പോർട്ട് മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനു മതിക്കായി Environment Impace Assessment (E I A) നോട്ടിഫിക്കേഷൻ 2006 പ്രകാരം അപേക്ഷയും നൽകിയിട്ടുണ്ട് . CEA / CWC അനുമതികൾ 2022 നവംബർ-ഓട് കൂടിയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതികൾ 2023 ഒക്ടോബറോട് കൂടിയും ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന വൈദ്യുതിയുടെ അളവ് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട് , 800 MW |
| (ഡി) | ഒന്നാം ഘട്ടം സ്ഥാപിച്ച് 50 വർഷത്തിലധികമായ സാഹചര്യത്തിൽ രണ്ടാം ഘട്ടത്തിലൂടെയുള്ള ഉല്പാദനം എത്രയും വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കാമോ? | (ഡി) | പദ്ധതി എത്രയും വേഗം നടപ്പാക്കാനുള്ള നടപടികൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തലത്തിലും, ഗവണ്മെന്റ് തലത്തിലും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ